**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1419** **08-12-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ ബാവിക്കര ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ ബാവിക്കര ടൂറിസം പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷത്തിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ; | (എ) | **ഈ പദ്ധതിക്ക് 1 കോടി രൂപയാണ് നടപ്പ് സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്നത്.** |
| (ബി) | അതിന്‍ പ്രകാരം എത്ര രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിക്കാൻ സാധിക്കുമെന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ; | (ബി) | **പദ്ധതിക്ക് ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (സി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; | (സി) | **1) ഡി.പി.ആർ തയ്യാറാക്കാനായി ഏജൻസി സ്ഥലം സന്ദർശിച്ചു കഴിഞ്ഞു. ആർക്കിടെക്ചർ ഡി.പി.ആർ തയ്യാറാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു.**<br><br>**2) പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിനിയോഗാനുമതിയ്ക്കായി ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ കളക്ടറേറ്റിൽ പുരോഗമിക്കുന്നു.**<br><br>**3) സ്വകാര്യ വ്യക്തിയിൽ നിന്നും സൗജന്യമായി വിട്ടുകിട്ടുന്ന ഭൂമിയുടെ റെലിങ്ക്വിഷമെന്റ് നടപടികൾ പുരോഗമിക്കുന്നു.** |
| (ഡി) | പദ്ധതിയുടെ ഡി.പി.ആർ. നാളിതുവരെയും ഭരണാനുമതിക്കായി സമർപ്പിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിക്ക് എന്ന് ഭരണാനുമതി നൽകുമെന്ന് അറിയിക്കുമോ? | (ഡി) | **ഉണ്ട്. പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്കേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.** |

സെക്ഷൻ ഓഫീസർ